# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5156 22.05.2017 -ലെ മറുപടി

**<u>മഴക്കുഴികളുടെ നിർമ്മാണത്തിന് പ്രോത്സാഹനം</u>**

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**
**,, പി.വി. അൻവർ**
**,, ജോൺ ഫെർണാണ്ടസ്**
**,, മുരളി പെരുനെല്ലി**

**മറുപടി**

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | ഭൂഗർഭജല സംരക്ഷണത്തിനും പര്യവേഷണത്തിനും വികസനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | ഭൂജല പര്യവേഷണത്തിനും വികസത്തിനുമായി "ഭൂജലത്തിനുള്ള അന്വേഷണവും വികസനവും" എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കി വരുന്നു. വിവിധതര കുഴൽകിണറുകളുടെ ശാസ്ത്രീയമായ സ്ഥാനനിർണ്ണയം, വിവിധ കുഴൽകിണറുകളുടെ നിർമ്മാണം, കിണർ ഡവലപ്പിംഗ്, ജലലഭ്യതാപരീക്ഷണം, ലോഗ്ഗിംഗ്, ഭൂവിഭവശേഷി തിട്ടപ്പെടുത്തൽ, ജലത്തിന്റെ ഗുണനിലവാരത്തിൽ നിർണ്ണയം എന്നിവ ഈ പദ്ധതിയിൻ കീഴിൽ ചെയ്ത് വരുന്നു.<br>പൊതുജനങ്ങൾക്കും സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങൾക്കും ഈ സേവനം വകുപ്പ് ലഭ്യമാക്കി വരുന്നു. ഭൂജല സംരക്ഷണത്തിനായി "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കി വരുന്നു.<br>കൃത്രിമ മാർഗ്ഗങ്ങളിലൂടെ കൂടുതൽ ജലം ഭൂമിയിലേയ്ക്ക് താഴ്ത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. അടിയണകൾ, തുറന്നകിണർ/കുഴൽകിണർ വഴിയുള്ള റീചാർജ്ജിംഗ് എന്നിവ ഇതിൽപ്പെടുന്നു.<br>'ഹരിതകേരളം' പദ്ധതിയിലൂടെ കുളങ്ങളിലെ മാലിന്യം, ചെളി, പായൽ എന്നിവ നീക്കം ചെയ്യുന്നത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും ഭൂഗർഭജല സംരക്ഷണത്തിനും സഹായിക്കുന്നു |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അളവ് സംബന്ധിച്ച് വിലയിരുത്തൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | ബി) | സംസ്ഥാനത്ത് ഭൂജലവിഭവ ശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പ് 871 നിരീക്ഷണ കിണറുകളിൽ നിന്നും എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥ പഠനം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ ഭൂജലവിഭവ ശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പും കേന്ദ്രഭൂജലബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച്-2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ളോക്ക് അമിത ചൂഷിത ബ്ളോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ളോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ളോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ളോക്ക്, പാനൂർ ബ്ളോക്ക്, തലശ്ശേരി ബ്ളോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കം ബ്ളോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കൊല്ലം ജില്ലയിലെ മുഖത്തല ബ്ളോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ളോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ളോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും, ബാക്കിയുള്ള 131 ബ്ളോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. |
| സി) | ചില വ്യവസായ സ്ഥാപനങ്ങളും ഫ്ലാറ്റുകളും ഭൂഗർഭജലം അമിതമായി ഊറ്റുന്നതായുള്ള പരാതികൾ | സി) | ഭൂജലത്തിന്റെ അമിത ചൂഷണം സംബന്ധിച്ച പരാതികളിന്മേൽ ഭൂജല വകുപ്പ് അന്വേ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശനമായ നടപടി സ്വീകരിക്കുമോ; | | ഷണം നടത്തി അതത് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽ കുന്നുണ്ട്. ചില പരാതികളിൽ ഭൂജല വകുപ്പ് കുറ്റക്കാർക്കെതിരെ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട് തിരുവനന്തപുരം ജില്ലയിൽ 14 പേർക്ക് പിഴ ചുമത്തുകയുമുണ്ടായിട്ടുണ്ട്<br>എറണാകുളം ജില്ലയിൽ രണ്ട് കുപ്പിവെള്ള സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്<br>കൂടാതെ സി.എ ഹംസ, ചേരോടത്ത് ഹൗസ്, കുട്ടമശ്ശേരി തോട്ടുമുഖം. പി.ഒ, ആലുവ, നടത്തി വന്ന അനധികൃത ജലചൂഷണം കോടതി വിധിയിലൂടെ നിർത്തി യിട്ടുണ്ട്<br>പാലക്കാട് ജില്ലയിൽ ശിവാന്ദൻ S/o. തങ്കപ്പൻ, കളത്തിൽ വീട് തൃപ്പള്ളം കാഞ്ഞിര ക്കടവ് മലമ്പുഴ-ക്കെതിരേയും ഇത്തര ത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് |
| ഡി) | മഴവെള്ളം ഭൂമിയിലേയ്ക്ക് ഊർന്നിറങ്ങുന്നതിനും അതുമൂലം ഭൂഗർഭ ജലവിതാനം ഉയരുന്നതിനും സഹായകമാകുന്ന മഴക്കുഴികളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകുമോ? | ഡി) | ഭൂജല സമ്പത്ത് വർധിപ്പിക്കുന്നതിനായി വിവിധ തരത്തിലുള്ള ഭൂജലസംപോഷണ പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. മഴക്കുഴികൾ, തുറന്നകിണർ, കുഴൽകിണർ എന്നിവ മുഖേനയുള്ള ഭൂജലസംപോഷണം, അടിയണകളുടെ നിർമ്മാണം എന്നിവ വകുപ്പ് നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ